# STATE CO-OPERATIVE UNION, KERALA

THIRUVANANTHAPURAM

# JDC COURSE-2026-27

## PROSPECTUS

STATE CO-OPERATIVE UNION, KERALA
(Established by Government of Kerala as per Section 89 of KCS Act 1969)
Samsthana Sahakarana Bhavan
Oottukuzhy, Thiruvananthapuram – 695001
Phone – 0471 2320420, 2331072
Website : scu.kerala.gov.in
Email: scukerala@gmail.com

DETAILS REGARDING ONLINE APPLICATION – 2026-27

DATES AND APPLICATION FEES

Applications forms shall be submitted online through the website of State co-operative Union. **(www.scu.kerala.gov.in)** from **16.03.2026** along with the following fees

1. General Students Rs 175
2. Employees of Co-operative societies Rs 350
3. SC/ST Category Students Rs 85

The Last date and time for online submission **18.04.2026 5 PM**

# സംസ്ഥാന സഹകരണ യൂണിയൻ, കേരള

## തിരുവനന്തപുരം

*JDC - Junior Diploma in Co-operation 2026-27*

## പ്രോസ്പെക്ടസ്

### I. അംഗീകാരം

സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന ജെ.ഡി.സി/എച്ച്.ഡി.സി & ബി.എം കോഴ്സുകൾക്ക് കേരള സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ജെ.ഡി.സി, എച്ച്.ഡി.സി & ബി.എം പരീക്ഷകൾ നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി ഒരു കേന്ദ്ര പരീക്ഷാ ബോർഡ് സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സഹകരണ ഡിപ്പാർട്ട്മെന്റിലേയും, സഹകരണ സ്ഥാപനങ്ങളിലേയും നിയമനങ്ങൾക്ക് ഒരു അവശ്യ യോഗ്യതയായി ഈ ഡിപ്ലോമകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

### II. പഠന കാലയളവ്

2026 ജൂൺ 1 -ാം തീയതി മുതൽ 2027 മാർച്ച് 31 വരെയാണ് ജെ.ഡി.സി കോഴ്സിന്റെ കാലയളവ്. ഇതിൽ 15 ദിവസം വീതം 2 പ്രാവശ്യം പ്രായോഗിക പരിശീലനത്തിന്റെ കാലയളവായിരിക്കും.

### III. പ്രായപരിധി

**ജനറൽ വിഭാഗം :** 2026 ജൂൺ 1-ന് 16-നും 40-നും മദ്ധ്യേ പ്രായമുള്ളവർ ആയിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉയർന്ന പ്രായപരിധി 45 വയസ്സും, ഒ.ബി.സി വിഭാഗക്കാരുടെ ഉയർന്ന പ്രായപരിധി 43 വയസ്സും ആയിരിക്കും. വിമുക്ത ഭടൻമാരെ സംബന്ധിച്ച് അവരുടെ പ്രതിരോധ വകുപ്പിലെ സേവന കാലയളവ് പരമാവധി പ്രായപരിധിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഇതിലേയ്ക്ക് സേവന ദൈർഘ്യം കാണിക്കുന്ന ബന്ധപ്പെട്ട സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കണം.

**സഹകരണ സംഘം ജീവനക്കാർ :** 2026 ജൂൺ 1-ന് 18 വയസ്സ് തികഞ്ഞിരിക്കണം. ഉയർന്ന പ്രായപരിധി ബാധകമല്ല.

### IV. പ്രവേശനത്തിനുള്ള യോഗ്യത

പ്രവേശനത്തിനുള്ള ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ എന്നിവയോ, അല്ലെങ്കിൽ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള പരീക്ഷയോ ജയിച്ചിരിക്കണം. ഗ്രേഡിംഗ് സമ്പ്രദായത്തിലാണെങ്കിൽ കുറഞ്ഞത് D+ ഗ്രേഡ് എങ്കിലും നേടി ജയിച്ചവരായിരിക്കണം.

### V. പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ

**സീറ്റ് വിഭജനം**

ഓരോ സെന്ററിലും ആകെയുള്ള സീറ്റുകളിൽ

1. 50% ജനറൽ വിഭാഗം സീറ്റുകൾ വിദ്യാർത്ഥികൾക്ക്.
2. 35% സീറ്റുകൾ എല്ലാ വിഭാഗം സഹകരണ സംഘങ്ങളിലെയും സ്ഥിരം ജീവനക്കാർക്ക്.
3. 15% സീറ്റുകൾ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്ക് (സഹകരണം, ഫിഷറീസ്, വ്യവസായ വകുപ്പ്, ക്ഷീര വകുപ്പ്, കയർ വകുപ്പ് ഇവയിലെ ഉദ്യോഗസ്ഥർക്ക്.)

**A. ജനറൽ വിഭാഗം വിദ്യാർത്ഥികൾ**

**XV (എ) പട്ടിക പ്രകാരം ജില്ലാ/താലൂക്ക് അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഒരു പരിശീലന കേന്ദ്രത്തിൽ മാത്രമേ ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിക്കുകയുള്ളൂ**

ജനറൽ വിഭാഗം അപേക്ഷകരെ തെരഞ്ഞെടുക്കുന്നത് ഗ്രേഡിന്റെ മുൻഗണനാക്രമം അനുസരിച്ച് സെന്റർ അടിസ്ഥാനത്തിലായിരിക്കും. ഓരോ വിദ്യാർത്ഥിക്കും വിവിധ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡിന് ആനുപാതികമായി പോയിന്റ് നൽകി മൊത്തം ലഭിച്ച പോയിന്റും (TGP) ആയതിന്റെ വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജും (WGPA) കണ്ട് അതിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. പഴയ സ്കീമിൽ എസ്.എസ്.എൽ.സി യോ തത്തുല്ല്യ പരീക്ഷയോ ജയിച്ചവരുടെ മാർക്ക് ഗ്രേഡ് ആക്കി മാറ്റിയ ശേഷമായിരിക്കും പ്രവേശനത്തിന് പരിഗണിക്കുന്നത്. പ്രീഡിഗ്രി/ പ്ലസ് ടൂ പാസ്സായവർക്ക് ഒരു പോയിന്റും, ഡിഗ്രി പാസ്സായവർക്ക് രണ്ട് പോയിന്റും ബോണസ് പോയിന്റായി അനുവദിക്കുന്നതാണ്. ആയതിലേയ്ക്ക് ടി വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്നതിനുള്ള മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റിന്റെ ശരി പകർപ്പ് അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്തിരിക്കണം. ആദ്യ തവണ തന്നെ എസ്.എസ്.എൽ.സി-യോ തത്തുല്യ പരീക്ഷയോ എഴുതി ജയിച്ച് തുടർ പഠനത്തിന് അർഹത നേടാത്ത അപേക്ഷകരുടെ TGP യിൽ നിന്ന് ഒരു ചാൻസിന് ഒരു പോയിന്റ് വീതം കുറവ് ചെയ്തതിന് ശേഷമാണ് വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് കണക്കാക്കുന്നത്. ജനറൽ വിഭാഗം അപേക്ഷകർക്ക് നീക്കിവച്ചിട്ടുള്ള സീറ്റുകളിൽ നിന്നും താഴെ പറയുന്ന സംവരണ സീറ്റുകൾ ഒഴിച്ചുള്ള സീറ്റുകളിലേയ്ക്കാണ് മെരിറ്റ് അടിസ്ഥാനത്തിൽ സെലക്ഷൻ/വെയിറ്റിംഗ് ലിസ്റ്റ് തയ്യാറാക്കുന്നത്.

1. പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി 10% (പട്ടിക ജാതി 8%, പട്ടിക വർഗ്ഗം -2%)
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായത്തിൽ പെട്ടവർക്ക്-10%
3. മറ്റ് പിന്നോക്കാ വിഭാഗക്കാർക്ക് (ഒ.ബി.സി)- 5%
4. ഡി.സി.പി പാസ്സായവർക്ക്-5%
5. 40%-ൽ കുറയാത്ത അംഗ വൈകല്യമുള്ളവർക്ക് 5 %.
6. വിമുക്ത ഭടന്മാർ/ അവരുടെ മകൻ/മകൾ/ഭാര്യ എന്നിവർക്ക് 5%
7. സ്പോർട്സ് ക്വാട്ടയിൽ ഒരു പരിശീലന കേന്ദ്രത്തിന് 1 സീറ്റ്

**B. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള സെന്ററുകൾക്ക്**

ഒരു ബാച്ചിൽ ഓരോ സെന്ററുകളിലും 80 സീറ്റുകളാണ് ഉള്ളത്. 60 സീറ്റുകൾ പട്ടിക ജാതിക്കാർക്കും, 20 സീറ്റുകൾ പട്ടിക വർഗ്ഗ വിഭാഗത്തിനുമായിരിക്കും. ടി ബാച്ചിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഓരോ പരിശീലന കേന്ദ്രത്തിനും നിശ്ചയിച്ചിട്ടുള്ള പരിധി ക്രമ നമ്പർ XV (ബി) ആയി ചേർത്തിട്ടുണ്ട്. അപേക്ഷകൻ ഏത് പരിശീലന കേന്ദ്രത്തിൽ, ഏത് വിഭാഗത്തിൽ ചേരാൻ ആഗ്രഹിക്കുന്നുവെന്ന് അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം. ഗ്രേഡിന്റെ മുൻഗണനാ ക്രമത്തിൽ സെന്റർ

തലത്തിൽ ആയിരിക്കും തെരഞ്ഞെടുപ്പ്. ക്രമ നമ്പർ V A യിൽ പറഞ്ഞിരിക്കും പ്രകാരമുള്ള ബോണസ് പോയിന്റിനും അർഹതയുണ്ടായിരിക്കും.

**പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക്_XV (ബി) പട്ടിക പ്രകാരം സൂചിപ്പിച്ചിട്ടുള്ള 4 പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് മാത്രമായുള്ള പരിശീലന കേന്ദ്രങ്ങളിലും, ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേകമായി അപേക്ഷ നൽകാവുന്നതാണ്**

**C. സഹകരണ സംഘം ജീവനക്കാർക്ക്**

**XV (എ) പട്ടിക പ്രകാരം ജില്ലാ/താലൂക്ക് അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഒരു പരിശീലന കേന്ദ്രത്തിൽ മാത്രമേ സഹകരണ സംഘം ജീവനക്കാരുടെ അപേക്ഷ പരിഗണിക്കുകയുള്ളൂ.**

(സഹകരണ സംഘം ജീവനക്കാരുടെ വിഭാഗം അപേക്ഷകരെ സെലക്ഷൻ ലിസ്റ്റ്/വെയിറ്റിംഗ് ലിസ്റ്റ് തയ്യാർ ചെയ്യുന്നത് അവരുടെ **സേവന കാലയളവിന്റെ മുൻഗണനാ ക്രമമനുസരിച്ച്** സെന്റർ അടിസ്ഥാനത്തിലായിരിക്കും)

1. സഹകരണ സംഘത്തിൽ സ്ഥിരം ജീവനക്കാരനായി **ഒരു വർഷത്തിൽ** കുറയാതെ സേവനം അനുഷ്ഠിച്ചിരിക്കണം. ഒരു വർഷത്തിൽ കുറഞ്ഞ സേവന ദൈർഘ്യമുള്ളവരുടെ അപേക്ഷ നിരസിക്കുന്നതാണ്. സേവന ദൈർഘ്യം കണക്കാക്കുന്നത് **31.03.2026** വരെ പൂർത്തിയാക്കുന്ന കാലയളവാണ്. കേരള സഹകരണ നിയമം 1969-ന്റെ അപ്പന്റിക്സ് III ഉൾപ്പെട്ടിട്ടുള്ളതും, ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ളതുമായ സ്ഥിരം ജീവനക്കാർക്ക് സഹകരണ സംഘം ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഡെയ്‌ലി വേജസ്, ഓണററി, അപ്രന്റിസ്, കമ്മീഷൻ ഏജന്റ്, താൽക്കാലികം എന്നീ നിലകളിൽ ജോലി നോക്കുന്നവരെ സഹകരണ സംഘം ജീവനക്കാരായി പരിഗണിക്കുന്നതല്ല. ടി നിലയിലുള്ള സേവന കാലം മൊത്തം സേവന ദൈർഘ്യം കണക്കാക്കുന്നതിൽ ഉൾപ്പെടുത്തുകയില്ല. അപേക്ഷ നൽകുമ്പോൾ ജോലി ചെയ്യുന്ന സഹകരണ സംഘത്തിലെ സേവന കാലം മാത്രമേ സേവനകാലമായി പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. മുൻപ് ജോലി ചെയ്തിരുന്ന സംഘത്തിലെ സേവന കാലം പ്രവേശനത്തിന് പരിഗണിക്കുകയില്ല. അപേക്ഷകന്റെ സംഘത്തിലെ/ബാങ്കിലെ സേവന കാലം, ചീഫ് എക്സിക്ക്യൂട്ടീവും (സെക്രട്ടറി)/ജനറൽ മാനേജർ/മാനേജിംഗ് ഡയറക്ടർ) പ്രസിഡന്റ് അല്ലെങ്കിൽ ചെയർമാനും അപേക്ഷ ഫാറത്തിലെ സർട്ടിഫിക്കറ്റ് നമ്പർ ഒന്നിൽ സർട്ടിഫൈ ചെയ്തിരിക്കണം. അപ്രകാരമല്ലാത്ത അപേക്ഷ നിരസിക്കുന്നതാണ്. അപേക്ഷിച്ചതിനുശേഷം അപേക്ഷാ ഫാറത്തിൽ ഉൾപ്പെട്ട സർട്ടിഫിക്കറ്റ് നമ്പർ I, II, III ഇവ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

2. സഹകരണ സംഘം ജീവനക്കാരുടെ വിഭാഗത്തിൽ അപേക്ഷിക്കുന്ന **ആശ്രിത നിയമന പ്രകാരം** ജോലി ലഭിച്ച അപേക്ഷകരുടെ മിനിമം സേവന കാലാവധി **6 മാസമാണ്.** മറ്റ് നിബന്ധനകൾ ബാധകമാണ്.

3. അപേക്ഷകൻ ജോലിനോക്കുന്ന സംഘം സംസ്ഥാന സഹകരണ യൂണിയനിൽ അഫിലിയേറ്റ് ചെയ്തിട്ടില്ലായെങ്കിലും, പ്രസ്തുത അഫിലിയേഷൻ പുതുക്കിയിട്ടില്ലായെങ്കിലും ടി സംഘത്തിലെ ജീവനക്കാരന്റെ അപേക്ഷ പരിഗണിക്കുന്നതല്ല.

4. ഒരു സംഘത്തിൽ നിന്നും ഒന്നിലധികം അപേക്ഷകർ ഉള്ള പക്ഷം, ഏറ്റവും കൂടുതൽ സേവന ദൈർഘ്യമുള്ള ഒരു ജീവനക്കാരന് മാത്രമേ പ്രവേശനം ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. **30 ജീവനക്ക**ാരിൽ കൂടുതൽ ഉള്ള സംഘങ്ങളിൽ നിന്നും **രണ്ട്** പേരെ തെരഞ്ഞെടുക്കുന്നതാണ്. എന്നാൽ 100-ൽ കൂടുതൽ ജീവനക്കാരുള്ള അപ്പക്സ്/സെൻട്രൽ/മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും പരമാവധി **5** പേർക്ക് സേവന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നതാണ്. ഓരോ സംഘത്തിൽ നിന്നും ഒരേ സർവ്വീസുള്ള ജീവനക്കാരുടെ കാര്യത്തിൽ പ്രായം കണക്കാക്കി സീനിയോറിറ്റി നിശ്ചയിക്കുന്നതായിരിക്കും. ഒരു സംഘത്തിൽ നിന്ന് കൂടുതൽ ജീവനക്കാർ ഉണ്ടെങ്കിലും അപേക്ഷകരുടെ സേവന ദൈർഘ്യം അനുസരിച്ച് സെന്റർ അടിസ്ഥാനത്തിൽ ആയിരിക്കും സെലക്ഷൻ നടത്തുക. സഹകരണ പരിശീലന കേന്ദ്രങ്ങളിൽ 35% സീറ്റുകളാണ് സഹകരണ സംഘം ജീവനക്കാർക്ക് വേണ്ടി നീക്കി വച്ചിട്ടുള്ളത്. ഇതിൽ കൈത്തറി, കയർ, ഡയറി, വനിതാ വ്യവസായം, മറ്റ് വ്യവസായ സംഘങ്ങൾ, ഫിഷറീസ് സംഘങ്ങൾ എന്നിവയ്ക്ക് വേണ്ടി എല്ലാ സഹകരണ പരിശീലന കേന്ദ്രങ്ങളിലും, ലക്ഷദ്വീപ്, മാഹി, എന്നിവിടങ്ങളിലെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടി യഥാക്രമം കോഴിക്കോട്, കണ്ണൂർ എന്നീ സഹകരണ പരിശീലന കേന്ദ്രങ്ങളിലും സീറ്റുകൾ നീക്കി വച്ചിട്ടുണ്ട്. കൂടാതെ സർക്കിൾ സഹകരണ യൂണിയൻ ജീവനക്കാർക്കായി എല്ലാ സഹകരണ പരിശീലന കേന്ദ്രത്തിലും ഒരോ സീറ്റ് നീക്കിവച്ചിട്ടുണ്ട്.

5. സേവനത്തിലിരിക്കേ മരണമടഞ്ഞ സഹകരണ സംഘം ജീവനക്കാരുടെ ആശ്രിതർ എന്ന നിലയിൽ സംഘത്തിൽ നിയമനം ലഭിച്ചവർക്ക് V സി (4) പ്രകാരം നിബന്ധനയ്ക്ക് വിധേയമല്ലാതെ തന്നെ പ്രവേശനം അനുവദിക്കുന്നതാണ്. അപ്രകാരം പ്രവേശനം നൽകുന്നതിന് ഓരോ പരിശീലന കേന്ദ്രത്തിലും ഒരു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള അപേക്ഷകർക്ക് V (സി) (2) നിബന്ധന ബാധകമാണ്.

6. **പട്ടകജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട സഹകരണ സംഘം ജീവനക്കാർക്കും XV (ബി) പട്ടിക പ്രകാരം സൂചിപ്പിച്ചിട്ടുള്ള 4 പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് മാത്രമായുള്ള പരിശീലന കേന്ദ്രങ്ങളിലും, താലൂക്ക് അടിസ്ഥാനത്തിൽ പ്രത്യേകമായി അപേക്ഷ നൽകാവുന്നതാണ്.**

VI. <u>അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ</u>

(സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം)

1. ജനന തീയതിയും, വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ്)
2. ബോണസ് പോയിന്റ് കിട്ടാൻ അർഹരായവർക്ക് ആയത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റുകളുടെ പകർപ്പ്.
3. എസ്.സി/എസ്.ടി, ഒ.ബി.സി വിഭാഗക്കാരാണെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ എസ്.എസ്.എൽ.സി ബുക്കിന്റെ ബന്ധപ്പെട്ട പേജ്.
4. വികലാംഗരുടെ കാര്യത്തിൽ വികലാംഗത്വത്തിന്റെ സ്വഭാവവും, ശതമാനവും തെളിയിക്കുന്നതിന് പ്രസ്തുത വൈകല്യം സംബന്ധിച്ച് സ്പെഷ്യലൈസ് ചെയ്ത ഡോക്ടറുടെ പക്കൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
5. വിമുക്ത ഭടൻമാർ, അവരുടെ മകൻ/മകൾ/ഭാര്യ എന്നിവരുടെ കാര്യത്തിൽ ആയത് തെളിയിക്കുന്നതിന് സൈനിക വെൽഫയർ ഡയറക്ടറിൽ നിന്നോ, ജില്ലാ സൈനിക വെൽഫയർ ഓഫീസറിൽ നിന്നോ ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
6. സഹകരണ സംഘം ജീവനക്കാരുടെ കാര്യത്തിൽ അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള I മുതൽ III വരെയുള്ള സർട്ടിഫിക്കറ്റുകൾ ശരിയായ വിധം പൂരിപ്പിച്ച് അപേക്ഷാ ഫോറത്തിൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കണം. പ്രസ്തുത 3 സർട്ടിഫിക്കറ്റുകളും ഇല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്. (ദിവസകൂലി, ഓണററി, അപ്രന്റിസ്, കമ്മീഷൻ എജന്റ്, താൽക്കാലികം എന്നീ നിലകളിൽ ജോലി ചെയ്യുന്നവരെ ജീവനക്കാരായി പരിഗണിക്കുന്നതല്ല. അപ്രകാരമുള്ള സേവനം മൊത്തം സേവന ദൈർഘ്യം കണക്കാക്കുന്നതിൽ ഉൾപ്പെടുത്തുന്നതല്ല)
7. **<u>സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ അപേക്ഷകൾ ONLINE ആയി SUBMIT ചെയ്യേണ്ടതും, ആയതിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കോപ്പികളും, സ്പോർട്സ് ക്വാട്ട സെലക്ഷനുവേണ്ടിയുള്ള യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.</u>** മേൽ പറഞ്ഞ അപേക്ഷകർക്ക് ജനറൽ വിഭാഗത്തിൽ പ്രവേശനം നേടണമെന്നുണ്ടെങ്കിൽ പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതാണ്. **സ്പോർട്ട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനം കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി തയ്യാറാക്കി നൽകുന്ന ലിസ്റ്റിന്റെ മുൻഗണനാ ക്രമത്തിൽ മാത്രമായിരിക്കും.**

VII. അപൂർണ്ണമായതോ, നിശ്ചിത രേഖകൾ/സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്തിട്ടില്ലാത്തതോ, നിശ്ചിത സമയത്തിനും, തീയതിക്കും ശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

VIII. സെലക്ഷൻ നടത്തുന്നതിനുള്ള അധികാരം സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റിയ്ക്ക് ആയിരിക്കുന്നതും, ഇത് സംബന്ധമായി മാനേജിംഗ് കമ്മിറ്റി കൈക്കൊള്ളുന്ന

തീരുമാനം സെലക്ഷന് ബാധകമായിരിക്കുന്നതുമാണ്. സെലക്ഷൻ സംബന്ധിച്ച മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

IX. സെലക്ഷൻ ലിസ്റ്റ്/വെയ്റ്റിംഗ് ലിസ്റ്റിൽ നിന്നും കോഴ്സിന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ബന്ധപ്പെട്ട ട്രെയിനിംഗ് സെന്ററിൽ/കോളേജിൽ പ്രിൻസിപ്പാൾ നടത്തുന്ന ഇന്റർവ്യൂവിന് ശേഷം അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്തിട്ടുള്ള പകർപ്പുകളുടെയും, അപേക്ഷയിലെ മറ്റ് വിവരങ്ങളുടെയും നിജസ്ഥിതി ബോദ്ധ്യപ്പെട്ട ശേഷം പ്രവേശനം അനുവദിക്കുന്നതാണ്. **അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്തിരുന്ന സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ സമർപ്പിക്കാത്തവർക്ക് അഡ്മിഷൻ അനുവദിക്കുന്നതല്ല.**

X. **Fee Details**

| | | |
|---|---|---|
| Admission Fees | : | 3,140 |
| Tuition Fees | : | 9,500 |
| Computer Fees | : | 3,500 |
| Exam Fees | : | 2,700 |
| **Total** | **:** | **18,840** |

ഇതിനു പുറമേ അധികമായി

| | | |
|---|---|---|
| Text Book | : | 1345 (വില മാറ്റത്തിന് വിധേയമായിരിക്കും) |
| **Grand Total** | **:** | **20,185** |

ഇന്റർവ്യൂ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന ഓരോ വിദ്യാർത്ഥിയും താഴെ പയുന്ന ഫീസുകൾ പ്രവേശന സമയത്ത് നൽകേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | കമ്പ്യൂട്ടർ ഫീസ് | : | 3500 രൂപ |
| 2. | ടെക്സ്റ്റ് ബുക്ക് | : | 1345 രൂപ |
| 3. | പ്രവേശന ഫീസ് | : | 200 രൂപ |
| 4. | സ്പെഷ്യൽ ഫീസ് | : | 150 രൂപ |
| 5. | സ്റ്റേഷനറി ഫീസ് | : | 200 രൂപ |
| 6. | ലൈബ്രറി ഫീസ് | : | 300 രൂപ |
| 7. | സഹകരണ ജേർണൽ വരിസംഖ്യ | | 360 രൂപ |
| 8. | കലണ്ടർ ഫീസ് | | 50 രൂപ |
| 9. | കോഷൻ ഡിപ്പൊസിറ്റ് | : | 500 രൂപ (മടക്കി നൽകുന്നത്) |
| 10. | കെട്ടിട ഫണ്ട് | : | 300 രൂപ |
| 11. | കലോത്സവ ഫീസ് | : | 200 രൂപ |
| 12. | ഡെവലപ്മെന്റ് ഫണ്ട് | : | 750 രൂപ |
| 13. | പി.റ്റി.എ ഫണ്ട് | | 100 രൂപ |
| 14. | സഹകരണ സ്റ്റാമ്പ് | : | 30 രൂപ : |
| | **ആകെ** | **:** | **7,985 രൂപ** |

ട്യൂഷൻ ഫീസ് **9500**/-രൂപയിൽ **5000/-** രൂപ രണ്ടാം പാദത്തിന്റെ ആദ്യ മാസവും, **4500**/- രൂപ മൂന്നാം പാദത്തിന്റെ ആദ്യ മാസവും അടയ്ക്കേണ്ടതാണ്.

XI. കോഷൻ ഡിപ്പോസിറ്റ് ഒഴികെയുള്ള മറ്റ് ഫീസുകൾ ഒന്നും തന്നെ യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.

XII. കോഴ്സ് പൂർത്തിയാകാതെ പഠനം നിർത്തി പോകുന്നവർക്ക് താഴെ പറയുന്ന നിബന്ധനകൾ ബാധകമായിരിക്കും.

1. അഡ്മിഷൻ നേടിയ ശേഷം ക്ലാസ് ആരംഭിക്കുന്നതിന് മുൻപ് പിരിഞ്ഞു പോകുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, കോഷൻ ഡിപ്പോസിറ്റ് മാത്രം തിരികെ നൽകുന്നതാണ്.
2. ക്ലാസിൽ ഹാജരായി സെക്കന്റ് ടേം ആരംഭിക്കുന്നതിന് മുൻപ് പിരിഞ്ഞു പോകുന്ന വിദ്യാർത്ഥികൾക്ക് സെക്കന്റ് ടേമിൽ അടയ്ക്കേണ്ട ട്യൂഷൻ ഫീസ് അടയ്ക്കുന്നതിൽ ഇളവ് നൽകി സർട്ടിഫിക്കറ്റും, ടി.സി-യും തിരികെ നൽകുന്നതാണ്.
3. സെക്കന്റ് ടേം ആരംഭിച്ചതിനുശേഷം ക്ലാസ്സിൽ ഹാജരായി തേർഡ് ടേം ആരംഭിക്കുന്നതിന് മുൻപ് പിരിഞ്ഞു പോകുന്ന വിദ്യാർത്ഥികൾക്ക് തേർഡ് ടേം ട്യൂഷൻ ഫീസ് അടയ്ക്കുന്നതിൽ ഇളവ് നൽകി സർട്ടിഫിക്കറ്റും, ടി.സി-യും തിരികെ നൽകുന്നതാണ്.
4. തേർഡ് ടേം ആരംഭിച്ചതിനുശേഷം ക്ലാസ്സിൽ ഹാജരായി പിരിഞ്ഞു പോകുന്ന വിദ്യാർത്ഥികളിൽ നിന്നും ബാക്കി നിൽപ്പുള്ള ട്യൂഷൻ ഫീസ് വാങ്ങിയ ശേഷം സർട്ടിഫിക്കറ്റും, ടി.സി-യും തിരികെ നൽകുന്നതാണ്.

വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ള ഇ-ഗ്രാന്റ്സ്-ന് അപേക്ഷ സമർപ്പിച്ചിട്ടുള്ള എസ്.സി/എസ്.ടി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ടി നിബന്ധനകൾ ബാധകമല്ല

XIII. ഒരു വിദ്യാർത്ഥി അഡ്മിഷൻ നേടിയത് കളവായ വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തിയാണെന്നോ, അഥവാ വ്യാജ രേഖകൾ ചമച്ച് അവ ഹാജരാക്കിയിട്ടുണ്ടെന്നോ പിന്നീട് വ്യക്തമാക്കപ്പെടുന്ന പക്ഷം പ്രസ്തുത വിദ്യാർത്ഥിയെ പരിശീലനത്തിൽ നിന്നും പിരിച്ച് വിടുന്നതും, ടി വിദ്യാർത്ഥിയ്ക്കും, വ്യാജ രേഖ ചമയ്ക്കാൻ സഹായിച്ചിട്ടുള്ള വ്യക്തികൾക്കും എതിരെ ഭാരതീയ ന്യായ സംഹിത അനുസരിച്ചുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമാണ്.

XIV. മേൽ കാണിച്ചിട്ടുള്ള നിബന്ധനകൾ പുനഃപരിശോധനാ വിധേയമാണ്.

XV. ജെ.ഡി.സി സെലക്ഷനു വേണ്ടി നിശ്ചയിച്ചിട്ടുള്ള ഓരോ സഹകരണ പരിശീലന കേന്ദ്രത്തിന്റെയും, കോളേജിന്റെയും അധികാര പരിധിയും, മേൽ വിലാസവും ചുവടെ ചേർക്കുന്നു.

### എ) ജനറൽ, സഹകരണ സംഘം ജീവനക്കാരുടെ റഗുലർ ബാച്ചുകൾ

| ക്രമ നമ്പർ | സഹ.പരിശീലന കേന്ദ്രത്തിന്റ/കോളേജിന്റെ മേൽ വിലാസം | അധികാര പരിധി |
|---|---|---|
| 1 | ഡെപ്യൂട്ടി രജിസ്ട്രാർ-പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>കവടിയാർ. പി.ഒ, കുറവൻകോണം<br>തിരുവനന്തപുരം-695003 ഫോൺ-0471 2436689<br>9495494412, 7907987915 | തിരുവനന്തപുരം ജില്ല |
| 2 | ഡെപ്യൂട്ടി രജിസ്ട്രാർ-പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>അവണൂർ, കൊട്ടാരക്കര.പി.ഒ, കൊല്ലം-691506<br>ഫോൺ-0474 2454787<br>9633601715 9496069476 | കൊല്ലം ജില്ല |
| 3 | പ്രിൻസിപ്പാൾ (ജെ.ഡി.സി എക്സ്റ്റൻഷൻ സെന്റർ)<br>സഹകരണ പരിശീലന കോളേജ്<br>ആറന്മുള ഗ്രാമ പഞ്ചായത്ത് സാംസ്ക്കാരിക നിലയം, ഗവൺമെന്റ് ഹോമിയോ ഹോസ്പിറ്റലിന് എതിർ വശം, ആറന്മുള. പി.ഒ, പത്തനംതിട്ട-689533<br>ഫോൺ-0468 2278140<br>9946385533, 9747933080 | പത്തനംതിട്ട ജില്ലയും, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളും. |
| 4 | ഡെപ്യൂട്ടി രജിസ്ട്രാർ-പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>ദീപികാ ജംഗ്ഷൻ, ചേർത്തല.പി.ഒ<br>ആലപ്പുഴ-688524, ഫോൺ-0478 2813070<br>9496155873, 9446383260 | ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ,കുട്ടനാട്, കാർത്തികപ്പള്ളി താലൂക്കുകളും എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കും. |
| 5 | ഡെപ്യൂട്ടി രജിസ്ട്രാർ-പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>നാഗമ്പടം, കോട്ടയം-686001<br>ഫോൺ-0481 2564738<br>9447142022, 9495791566 | കോട്ടയം ജില്ലയിലെ കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം താലൂക്കുകളും, എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കും. |
| 6 | പ്രിൻസിപ്പാൾ ,ജെ.ഡി.സി എക്സറ്റൻഷൻ സെന്റർ<br>സഹകരണ പരിശീലന കോളേജ്<br>പാല മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബിൽഡിംഗ്, പാല-ഈരാറ്റുപേട്ട റോഡ്, പാല<br>കോട്ടയം-686575 ഫോൺ-0482-2213107<br>9446949154, 9447146190 | കോട്ടയം ജില്ലയിലെ മീനച്ചൽ, കാഞ്ഞിരപപ്പള്ളി താലൂക്കുകളും, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കും. |
| 7 | പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>സർക്കിൾ സഹകരണ യൂണിയൻ മന്ദിരം, പടിഞ്ഞാറെ കവല, നെടുങ്കണ്ടം, ഇടുക്കി-686553<br>ഫോൺ-04868 234311<br>9447524118, 9020352021 | ഇടുക്കി ജില്ല |

| | | |
|---|---|---|
| | | |
| 8 | പ്രിൻസിപ്പാൾ (ജെ.ഡി.സി എക്സ്റ്റൻഷൻ സെന്റർ)<br>സഹകരണ പരിശീലന കോളേജ്<br>സഹകാരി ഭവൻ, നോർത്ത് പറവൂർ,<br>എറണാകുളം-683513<br>ഫോൺ-0484 2447866<br>9447077511, 9349283989 | എറണാകുളം ജില്ലയിലെ കണയന്നൂർ, കുന്നത്ത് നാട്, നോർത്ത് പറവൂർ, ആലുവ താലൂക്കുകളും, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കും. |
| 9 | ഡെപ്യൂട്ടി രജിസ്ട്രാർ പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>സിവിൽ ലൈൻ റോഡ്, അയ്യന്തോൾ<br>തൃശ്ശൂർ-680004 ഫോൺ-0487 2380462<br>9495607240, 9744178455 | തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് ഒഴികെയുള്ള എല്ലാ താലൂക്കുകളും |
| 10 | ഡെപ്യൂട്ടി രജിസ്ട്രാർ-പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>വിക്ടോറിയ കോളേജ് റോഡ്<br>പി.എം.ജി ഹൈസ്ക്കൂളിന് സമീപം<br>പാലക്കാട്-1 ഫോൺ-0491 2522946<br>9447178071, 8907838773 | പാലക്കാട് ജില്ല |
| 11 | പ്രിൻസിപ്പാൾ (ജെ.ഡി.സി എകസ്റ്റൻഷൻ സെന്റർ)<br>സഹകരണ പരിശീലന കോളേജ്<br>സഹകരണ ഭവൻ, മാവുംകുന്ന്, തിരൂർ. പി.ഒ,<br>മലപ്പുറം-676101<br>ഫോൺ-0494-2423929<br>9539942842, 8281511962 | മലപ്പുറം ജില്ലയിലെ മഞ്ചേരി റവന്യൂ താലൂക്കും, പൊന്നാന്നി, തിരൂർ,തിരൂരങ്ങാടി റവന്യൂ താലൂക്കുകളും, പെരിന്തൽമണ്ണ താലൂക്കും. |
| 12 | ഡെപ്യൂട്ടി രജിസ്ട്രാർ-പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>തളി, കോഴിക്കോട്-673002<br>ഫോൺ-0495 2702095<br>7025882926, 9605990695 | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കോഴിക്കോട് എന്നീ താലൂക്കുകളും, മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കും. |
| 13 | ഡെപ്യൂട്ടി രജിസ്ട്രാർ-പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>കരണി.പി.ഒ, വയനാട്-673591<br>ഫോൺ-04936 289725<br>9447895525, 9495195665 | വയനാട് ജില്ല |
| 14 | ഡെപ്യൂട്ടി രജിസ്ട്രാർ-പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം, ചേനോളി ജംഗ്ഷൻ, സൗത്ത് ബസ്സാർ, കണ്ണൂർ-2<br>ഫോൺ-0497 2706790<br>9496188027, 7306612974 | കണ്ണൂർ ജില്ലയിലെ കണ്ണൂർ, തളിപ്പറമ്പ് താലൂക്കുകൾ |
| 15 | പ്രിൻസിപ്പാൾ<br>(ജെ.ഡി.സി എക്സ്റ്റൻഷൻ സെന്റർ)<br>സഹകരണ പരിശീലന കോളേജ്<br>മണ്ണയാട്, നെടൂർ. പി.ഒ, തലശ്ശേരി | കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കും, കോഴിക്കോട് ജില്ലയിലെ വടകര താലൂക്കും. |

| | | |
|---|---|---|
| | ഫോൺ–0490 2354065<br>8590646379, 9745211585 | |
| 16 | ഡെപ്യൂട്ടി രജിസ്ട്രാർ-പ്രിൻസിപ്പാൾ<br>സഹകരണ പരിശീലന കേന്ദ്രം<br>മൂന്നാട്, മുന്നാട്. പി.ഒ (വഴി)ചെങ്കള,<br>കാസർഗോഡ്,–671541 ഫോൺ–04994 207350<br>9446697434, 9061150275 | കാസർഗോഡ് ജില്ല |

## XV ബി. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് മാത്രമുള്ള ബാച്ചുകൾ

1. കൊട്ടാരക്കര- തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട ജില്ലകൾ
2. ചേർത്തല - ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകൾ
3. കണ്ണൂർ- കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ
4. വയനാട് - തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകൾ

**സഹകരണ സംഘം ജീവനക്കാരിൽ പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും മേൽ പറഞ്ഞ പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രമായുള്ള പരിശീലന കേന്ദ്രങ്ങളിൽ അപേക്ഷിക്കാവുന്നതാണ്.**

**അഡീഷണൽ രജിസ്ട്രാർ-സെക്രട്ടറി**